/106906/2023
/106906/2023

## സാമൂഹ്യനീതിവകുപ്പ് ഡയറക്ടറുടെ നടപടി ക്രമങ്ങൾ

(ഹാജർ: ചേതൻ കുമാർ മീണ ഐ.എ.എസ്.)

ഉത്തരവ് നം. SJD/2505/2021-E1

തിരുവനന്തപുരം,
തീയതി. 22-07-2023

വിഷയം: സാമൂഹ്യനീതി വകുപ്പ് -ജീവനക്കാര്യം -ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് -I തസ്തികയിലേയ്ക്ക് ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് -II തസ്തികയിൽ നിന്നും ഉദ്യോഗക്കയറ്റം നിയമനം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

പരാമർശം : 1.സ.ഉ.(സാധാ)നം .6/2021/സാ.നി.വ. തീയതി 15/02/2021.
2.സാമൂഹ്യനീതി ഡയറക്ടറുടെ 19/8/2022 തീയതിയിലെ ഇതേ നം നടപടിക്രമങ്ങൾ.
3. 30/6/2023-ലെ SJD/568/2023-E6 ഗസറ്റ് വിജ്ഞാപനം.

സാമൂഹ്യനീതി വകുപ്പ് വിഭജിച്ച് വനിത ശിശു വികസന വകുപ്പ് പുതുതായി രൂപികരിക്കുകയും, വകുപ്പ് പുനഃസംഘടനയുമായി ബന്ധപ്പെട്ട് വിശേഷാൽ ചട്ടങ്ങൾ രൂപികരിക്കുന്നതു വരെ ഇരു വകുപ്പിലെയും ജീവനക്കാരുടെ പുനർവിന്യാസം, നിയമനം, സ്ഥാനക്കയറ്റം എന്നിവയ്ക്കായി വ്യവസ്ഥകൾ നിശ്ചയിച്ച് എക്സിക്യൂട്ടീവ് ഉത്തരവ് സ.ഉ. (അച്ചടി) നം 10/2019 സാ.നീ.വ. പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. എക്സിക്യൂട്ടീവ് ഉത്തരവിലെ വ്യവസ്ഥകളിൽ E (V) ലായി അനുബന്ധം V ലെ സൂപ്രണ്ട് ഗ്രേഡ്-I തസ്തികയുടെ ഫീഡർ കാറ്റഗറികൾ ഇരു വകുപ്പുകളിലുമായി വിന്യസിക്കപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത തസ്തികയുടെ സ്ഥാനക്കയറ്റത്തിനുള്ള വ്യവസ്ഥകൾ വകുപ്പ് ഡയറക്ടറുടെ ശുപാർശ പരിഗണിച്ച് പിന്നീട് നിശ്ചയിക്കുമെന്ന് വ്യവസ്ഥ ചെയ്തിരുന്നു. ആയതിൻ പ്രകാരം ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്-I തസ്തികയിലേയ്ക്കുള്ള ഉദ്യോഗക്കയറ്റ നിയമനത്തിനായുള്ള അനുപാതം 1:3 എന്ന ക്രമത്തിൽ ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് II : ജൂനിയർ സൂപ്രണ്ട് എന്നീ തസ്തികകളിലെ ജീവനക്കാർക്കായി നിശ്ചയിച്ച് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിരുന്നു. സാമൂഹ്യനീതിവകുപ്പിൽ കേരള സോഷ്യൽ വെൽഫെയർ സർവ്വീസിൽ ഉൾപ്പെടുന്ന ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്-I തസ്തികയിൽ ആകെയുള്ള 20 എണ്ണത്തിൽ വകുപ്പ് വിഭജനത്തിനു ശേഷം 10 ഒഴിവുകൾ നിലവിൽ വരുകയും പ്രസ്തുത ഒഴിവുകളിൽ ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്-II തസ്തികയ്ക്ക് ഉദ്യോഗക്കയറ്റ നിയമനത്തിന് അർഹതപ്പെട്ട 9-മത്തെ ഒഴിവിലേയ്ക്ക് സൂപ്രണ്ട് ഗ്രേഡ് II വിഭാഗത്തിൽ മൂന്നാമതായി ശ്രീമതി.സുമാദേവി.വി.യ്ക്ക് ഉദ്യോഗക്കയറ്റ നിയമനം അനുവദിച്ച് ഉത്തരവായിട്ടുള്ളതാണ്.

സാമൂഹ്യനീതിവകുപ്പിലെ ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്-I തസ്തികയിയിൽ സേവനമനുഷ്ഠിച്ചിരുന്ന കോഴിക്കോട് ഹോം ഫോർ ഫിസിക്കലി ഹാൻഡിക്യാപ്ഡിലെ ശ്രീ.അബ്ദുൽകരീം.എ.പി. 28/2/2023 ലും, കോഴിക്കോട് ഗവ. വൃദ്ധസദനത്തിലെ

/106906/2023

ശ്രീ.പ്രകാശൻ.കെ 31/5/2023 ലും, കോട്ടയം ഗവ.വൃദ്ധസദനത്തിലെ ശ്രീ.മനോഹരൻ.എൻ 31/5/2023 ലും, സേവനത്തിൽ നിന്നും വിരമിച്ചതിനെ തുടർന്ന് 3 ഒഴിവുകൾ കൂടി വകുപ്പിൽ നിലവിൽ വരുകയുണ്ടായി. ഇത്തരത്തിൽ വകുപ്പു വിഭജനത്തിനുശേഷം വകുപ്പിൽ നിലവിൽ വന്ന 13 ഒഴിവുകളിൽ 13-മത്തെ ഒഴിവ് ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്-II വിഭാഗത്തിൽ നിന്നും ഉദ്യോഗക്കയറ്റം മുഖേന നികത്തേണ്ടതാണ്. സാമൂഹ്യനീതി വകുപ്പിൽ നിലവിലുള്ള ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് II തസ്തികയിലെ ജീവനക്കാർക്കായി ഉദ്യോഗക്കയറ്റ നിയമനത്തിന് നിശ്ചിത അനുപാതം അനുസരിച്ച് അനുവദിയ്ക്കപ്പെട്ടിട്ടുള്ള പ്രസ്തുത ഒഴിവിലേയ്ക്ക് ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്-II വിഭാഗത്തിൽ നിന്നും നാലാമതായി ലോവർ ഡി.പി.സി കൂടി സർക്കാർ അംഗീകരിച്ച് വിജ്ഞാപനം ചെയ്തിട്ടുള്ള പരാമർശം (3) സെലക്ട് ലിസ്റ്റിലെ ക്രമ നം.1 ാംതായുള്ള ശ്രീ.അജിത്ത് കുമാർ.ടി ഉദ്യോഗക്കയറ്റ നിയമനത്തിന് അർഹനാണ്.

ഈ സാഹചര്യത്തിൽ ശ്രീ.അജിത്ത് കുമാർ.ടിയ്ക്ക് ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്-I തസ്തികയിൽ കെ.എസ്&എസ്.എസ്.ആർ ചട്ടം 28 എ (1) പ്രകാരം രൂപ (50200-105300) ശമ്പളസ്കെയിലിൽ ഉദ്യോഗക്കയറ്റം നൽകി ജീവനക്കാരന്റെ പേരിന് നേരെ ചേർത്തിരിക്കുന്ന കാര്യാലയത്തിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

<u>ഉദ്യോഗക്കയറ്റം.</u>

| ക്രമ നം | ജീവനക്കാരുടെ പേര് തസ്തിക നിലവില് സേവനമനുഷ്ഠിയ്ക്കുന്ന കാര്യാലയം | ഉദ്യോഗക്കയറ്റ നിയമനം അനുവദിയ്ക്കുന്ന തസ്തിക കാര്യാലയം |
|---|---|---|
| 1 | അജിത്ത് കുമാർ റ്റി<br>ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്-II<br>ഗവ.ആശാഭവൻ (മെൻ)<br>തിരുവനന്തപുരം | ഹോം ഫോർ ഫിസിക്കലി ഹാൻഡിക്യാപ്ഡ്, കോഴിക്കോട്. |

തിരുവനന്തപുരം ഗവ.ആശാഭവൻ (മെൻ) സൂപ്രണ്ടിന്റെ പൂർണ്ണ അധിക ചുമതല (DDO-ഒഴികെ) തിരുവനന്തപുരം ഗവ.വികലാംഗ വനിതസദനത്തിലെ സൂപ്രണ്ട് ഗ്രേഡ്-III ശ്രീമതി.ഐഷാബീവി അധികമായി നിർവഹിക്കേണ്ടതാണ്. ഈ ഉത്തരവ് അടിസ്ഥാനമാക്കി ജീവനക്കാരനെ സേവനത്തിൽ നിന്നും വിടുതൽ ചെയ്യുന്നതിനുള്ള നടപടി നിയന്ത്രണാധികാരിയായ തിരുവനന്തപുരം ജില്ലാ സാമൂഹികനീതി ഓഫീസർ സ്വീകരിക്കേണ്ടതാണ്. ജീവനക്കാരനെ വിടുതൽ ചെയ്ത് വിവരം യഥാസമയം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരന് ചട്ട പ്രകാരമുള്ള ശമ്പള നിർണ്ണയത്തിന് അർഹതയുണ്ടായിരിക്കും. ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരന് നിയമാനുസൃത പ്രവേശനകാലത്തിനും യാത്രാബത്തയ്ക്കും അർഹതയുണ്ടായിരിക്കുന്നതാണ്.

ചേതൻ കുമാർ മീണ.IAS

സാമൂഹ്യനീതിവകുപ്പ് ഡയറക്ടർ

/106906/2023

/106906/2023

ബന്ധപ്പെട്ട ജീവനക്കാർക്ക്

<u>പകർപ്പ് :</u>

1. അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം.(ആമുഖകത്ത് സഹിതം)
2. ജില്ലാ സാമൂഹിക നീതി ഓഫീസർ തിരുവനന്തപുരം/കോഴിക്കോട്
3. സൂപ്രണ്ട് എഫ് സെക്ഷൻ (വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
4. സൂപ്രണ്ട്, ബിൽസെക്ഷൻ (സ്പാർക്ക് നടപടികൾക്കായി)
5. സ്റ്റോക്ക് ഫയൽ/സ്പെയർ.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്